<u>പത്രക്കുറിപ്പ്</u>

# ആറന്മുള വള്ളസദ്യകൾ 2013 ഒക്ടോബർ 2 ന് സമാപിക്കും

**ആറന്മുള**: പ്രസിദ്ധമായ ആറന്മുള വള്ളസദ്യകൾ ഒക്ടോബർ 2 ന് സമാപിക്കും. വള്ളസദ്യകളുടെ ചരിത്രത്തിലാദ്യമായി 494 വള്ളസദ്യകളാണ് ഈ വർഷം നടന്നത്. സമാപനദിവസം മാരാമൺ, ളാക - ഇടയാറന്മുള, മുതവഴി, വെൺപാല, തെക്കേമുറി കിഴക്ക്, ചെറുകോൽ, തെക്കേമുറി, കീക്കോഴൂർ, ചെന്നിത്തല എന്നീ ഒൻപത് പള്ളിയോടങ്ങൾ സദ്യയിൽ പങ്കെടുക്കും. വിജയൻ നടമംഗലം, മനോജ് മാധവശ്ശേരിൽ, ഗോപാലകൃഷ്ണൻ നായർ പാർവ്വതിമന്ദിരം, എസ്.എൻ സദാശിവൻപിള്ള പാർത്ഥസാരഥി കേറ്ററിംഗ്സ് എന്നീ സദ്യകരാറുകാർ സദ്യയുടെ പാചകത്തിന് നേതൃത്വം നൽകും. ചലചിത്രതാരം സുരേഷ് ഗോപി, ഹൈക്കോടതി ജഡ്ജിമാരായ ജസ്റ്റിസ് എ.വി.രാമകൃഷ്ണപിള്ള, ജസ്റ്റിസ് പി.ഡി.രാജൻ, അഡ്വ. കമ്മീഷണർ സുഭാഷ് ചന്ദ് എന്നീ പ്രമുഖർ ഈ വർഷത്തെ വള്ളസദ്യകൾ വഴിപാടായി നടത്തിയിരുന്നു.

ഒക്ടോബർ രണ്ടിന് നടക്കുന്ന സമാപന ചടങ്ങിൽ പത്തനംതിട്ട ജില്ലാ കളക്ടർ ശ്രീ.പ്രണവ് ജ്യോതിനാഥ് ഐ.എ.എസ്. മുഖ്യാതിഥിയാകും. അസിസ്റ്റന്റ് കളക്ടർ പി.ബി.നൂപ്, എഡി.എം. സലിംരാജ് എച്ച് എന്നിവർ ചടങ്ങിൽ സംബന്ധിക്കും.

**പി. മോഹന ചന്ദ്രൻ**
ട്രഷറാർ, കൺവീനർ, പബ്ലിസിറ്റി
പള്ളിയോട സേവാസംഘം,
ആറന്മുള
**ഫോൺ. 9447561255**

ആറന്മുള
30-09-2013